**വിദ്യാഭ്യാസ മേഖലയ്ക്കു വേണ്ടി സംസ്ഥാന സർക്കാരിന് ചെലവായ തുക**

23 (2003) ശ്രീ. പി. ജെ. ജോയി :
ശ്രീ. പാലോട് രവി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയ്ക്കു വേണ്ടി സംസ്ഥാന സർക്കാരിന് 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000 ഫെബ്രുവരി 29-ാം തീയതി വരെ എന്തു ചെലവ് വന്നു ;

(ബി) പ്രസ്തുത മേഖലയിൽ നിന്നും ഈ കാലത്ത് ഓരോ വർഷവും എന്തു വരുമാനം വീതമുണ്ടായി ;

(സി) ഒരു പ്രൈമറി സ്കൂൾ വിദ്യാർത്ഥി, ഹൈസ്കൂൾ വിദ്യാർത്ഥി, ഡിഗ്രി വിദ്യാർത്ഥി, പോസ്റ്റ് ഗ്രാഡ്വെയ്റ്റ് വിദ്യാർത്ഥി, എൻജിനീയറിംഗ്/മെഡിക്കൽ, അഗ്രികൾച്ചർ, നിയമ ഡിഗ്രി വിദ്യാർത്ഥി, ഈ വിഷയങ്ങളിലെ പോസ്റ്റ് ഗ്രാഡ്വെയ്റ്റ് വിദ്യാർത്ഥി എന്നിവർക്കു വേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തു തുക വീതം പ്രതിവർഷം ചെലവഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | ചെലവായ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1995-96 | - | 1,11,426.65 |
| 1996-97 | - | 1,24,461.28 |
| 1997-98 | - | 1,33,993.89 |
| 1998-99 | - | 1,34,670.41 |

1999-2000 വർഷത്തെ ചെലവായ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ അക്കൗണ്ടിംഗ് കഴിഞ്ഞതിനുശേഷമേ ലഭിക്കുകയുള്ളൂ. ഉന്നത വിദ്യാഭ്യാസം, കൃഷി, ആരോഗ്യ വിദ്യാഭ്യാസം എന്നീ വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി)

| | | വരുമാനം (രൂപ ലക്ഷത്തിൽ) (പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ച്) |
|---|---|---|
| 1995-96 | - | 1551398.00 |
| 1996-97 | - | 614508.00 |
| 1997-98 | - | 1491583.00 |
| 1998-99 | - | 719811.00 |

1999-2000 വർഷത്തെ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ അക്കൗണ്ടിംഗ് കഴിഞ്ഞതിനുശേഷമേ ലഭിക്കുകയുള്ളൂ.

(സി) ഒരു പ്രൈമറി സ്കൂൾ വിദ്യാർത്ഥിക്ക് ഒരു വർഷം 2853.27 രൂപയും ഒരു ഹൈസ്കൂൾ വിദ്യാർത്ഥിക്ക് ഒരു വർഷം 4406.73 രൂപയും ചെലവാകുന്നുണ്ട്. മറ്റുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.



LIBRARY ARCHIVES Kerala Legislative Assembly